പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7520 — 14.07.2014- ൽ മറുപടിക്ക്

## ആശ്വാസ കിരണം പദ്ധതി

ചോദ്യം
ശ്രീ. കെ. അജിത്ത്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആശ്വാസ കിരണം പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | 57,570 ഗുണഭോക്താക്കളാണുള്ളത്. |
| (ബി) | ആശ്വാസ കിരണം പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; | (ബി) | ഗുരുതരമായ മാനസിക /ശാരീരിക വെല്ലുവിളി നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി, ഓട്ടിസം മൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാൽ ശയ്യാവലംബരായവർ, തുടങ്ങി അവശതയനുഭവിക്കുന്നവരെ മുഴുവൻ സമയവും പരിചരിക്കുന്നവർക്കുള്ള ധന സഹായ പദ്ധതിയാണ് ആശ്വാസകിരണം. ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗര പ്രദേശങ്ങളിൽ 22,375/- രൂപയും വാർഷിക കുടുംബവരുമാനമുള്ളവർക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. |
| (സി) | ആശ്വാസകിരണം പദ്ധതി പ്രകാരം ഏത് മാസം വരെയുള്ള തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (സി) | 2014 ഏപ്രിൽ മാസം വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | കുടിശ്ശിക തുക എന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കുടിശ്ശിക തുക 2014 ജൂലൈ മാസം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ